A

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2019-20

## സാമൂഹ്യശാസ്ത്രം

605

**ക്ലാസ് : 6** **സമയം: 2 മണിക്കൂർ**

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെ എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം - 1**

**ഇന്ത്യയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ ഭരണകൂടങ്ങളുടെ വളർച്ചയ്ക്ക് കാരണമായി**

എ) സൽത്തനത്ത് കാലത്ത് ഡൽഹി ഭരിച്ചിരുന്ന രാജവംശങ്ങൾ കണ്ടെത്തി ഫ്ളോചാർട്ട് പൂർത്തിയാക്കുക.

മംലൂക്ക് വംശം - അടിമവംശം
↓
..........
↓
..........
↓
സയ്യിദ് വംശം
↓
..........

ബി) റെയ്ച്ചൂർ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ വിശദീകരിക്കുക.

**പ്രവർത്തനം - 2**

**മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാധനങ്ങളും സേവനങ്ങളും നിർമിക്കുന്ന പ്രക്രിയയാണ് ഉത്പാദനം. നിരവധി ഘടകങ്ങളുടെ പ്രവർത്തനഫലമായി മാത്രമേ ഉത്പാദനം നടക്കുകയുള്ളൂ.**

എ) ഒരു ഉത്പാദന ഘടകത്തിന്റെ ചില സവിശേഷതകളാണ് താഴെ കൊടുത്തിരിക്കുന്നത്. അത്, ഏത് ഉത്പാദന ഘടകമാണെന്ന് കണ്ടെത്തുക. അതിന്റെ മറ്റു രണ്ടു സവിശേഷതകൾ കൂടി എഴുതുക.

1. ഉത്പാദന ഘടകം ..........

2. **സവിശേഷതകൾ**
   - മനുഷ്യനിർമിതമാണ്
   - ആവശ്യാനുസരണം ലഭ്യത വർധിപ്പിക്കുന്നു.
   - ..............
   - ..............

ബി) താഴെകൊടുത്തിരിക്കുന്നവയെ കായിക അധ്വാനം കൂടുതൽ വേണ്ടത്, മാനസിക അധ്വാനം കൂടുതൽ വേണ്ടത് എന്നിങ്ങനെ വേർതിരിക്കുക.

♦ കയർ പിരിക്കൽ ♦ ബാങ്കിംഗ് ♦ മത്സ്യബന്ധനം ♦ അധ്യാപനം

**പ്രവർത്തനം - 3**

**കേരളം ഭക്ഷ്യവസ്തുക്കൾക്കായി അയൽ സംസ്ഥാനങ്ങളെയും ആശ്രയിച്ചുവരുന്നു. ഇതിനൊരു മാറ്റം വരേണ്ടത് ആവശ്യമാണ്.**

എ) കേരളത്തിലെ ഒരു ഭൂവിഭാഗത്തിന്റെ പ്രത്യേകതകളാണ് താഴെ കൊടുത്തിരിക്കുന്നത്.

- സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം - 7.5 മീറ്ററിൽ താഴെ
- പ്രധാന വിളകൾ - നെല്ല്, തെങ്ങ്, വാഴ, കമുക്.

1. ഈ ഭൂവിഭാഗം ഏതാണ്?
2. ഇതിന്റെ മറ്റു രണ്ടു സവിശേഷതകൾ കൂടി കണ്ടെത്തി എഴുതുക.

ബി) എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങൾ നിർമിക്കുന്നതു കൊണ്ടുള്ള മേന്മകൾ എന്തെല്ലാം?

പ്രവർത്തനം - 4

**ദില്ലി ആസ്ഥാനമാക്കി സി.ഇ 1206 മുതൽ സി.ഇ 1526 വരെ സുൽത്താൻമാരും അതിനുശേഷം മുഗളന്മാരും ഇന്ത്യയിൽ ഭരണം നടത്തി.**

എ) അനുയോജ്യമായത് ചേർത്തെഴുതുക

| എ | ബി | സി |
|---|---|---|
| 1206 | ദില്ലിക | തലസ്ഥാനമാറ്റം |
| ദേവഗിരി | കുത്ബുദ്ദീൻ ഐബക് | ഡൽഹി |
| യമുന | മുഹമ്മദ് ബിൻ തുഗ്ലക്ക് | മംലൂക്ക് വംശം |

ബി) 'മൻസബ്ദാരി'സമ്പ്രദായം ആവിഷ്കരിച്ച ഭരണാധികാരി ആരായിരുന്നു? എന്തായിരുന്നു ഇതിന്റെ സവിശേഷത?

പ്രവർത്തനം - 5

**രക്തസമ്മർദം, ഹൃദ്രോഗം, പ്രമേഹം മുതലായ ജീവിതശൈലീരോഗങ്ങൾ കേരളത്തിൽ അനുദിനം വർധിച്ചുവരുന്നു.**

എ) കാർഷിക സംസ്കാരത്തിൽ നിന്നും മാറിയ മലയാളിയുടെ ജീവിതശൈലിയിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

ബി) വീടുകളിലെ മാലിന്യ സംസ്കരണത്തിനായി നിങ്ങൾക്ക് നൽകാവുന്ന രണ്ടു നിർദേശങ്ങൾ എഴുതുക.

പ്രവർത്തനം - 6

വിഷരഹിത പച്ചക്കറിയുടെ ഉത്പാദനത്തിനായി സ്കൂൾ പച്ചക്കറിത്തോട്ടം സർക്കാർ പ്രോത്സാഹിപ്പിച്ചു വരുന്നു. നിങ്ങളുടെ സ്കൂളിലും ഒരു പച്ചക്കറിത്തോട്ടം അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി സ്ഥലം കൃഷി ഓഫീസറുമായി ഒരു അഭിമുഖം നടത്താൻ ആവശ്യമായ 5 ചോദ്യങ്ങൾ തയാറാക്കുക.

പ്രവർത്തനം - 7

**സൽത്തനത്ത് കാലത്ത് ജീവിച്ചിരുന്ന കവി അമീർഖുസ്രുവിന്റെ വാക്കുകളാണിവ.**


> ***വിജ്ഞാനകേന്ദ്രമായ ഇന്ത്യ***
>
> *"നമ്മൾ ഇന്ത്യാക്കാർക്ക് ഏത് ഭാഷയിലും സംസാരിക്കാനാകും. എന്നാൽ, മറ്റുള്ളവർക്ക് നമ്മുടെ ഭാഷ വഴങ്ങാൻ ബുദ്ധിമുട്ടാണ്. വിജ്ഞാന സമ്പാദനത്തിന് മറ്റു രാജ്യങ്ങളിലേക്ക് ഇന്ത്യാക്കാർ പോകുന്നില്ല. മറ്റുള്ള രാജ്യങ്ങളിൽ നിന്നുള്ളവർ ഇന്ത്യയിലേക്ക് വരികയാണ്. ചതുരംഗം, പഞ്ചതന്ത്രം കഥകൾ, സംഖ്യാശാസ്ത്രം എന്നിവ ലോകത്തിന് ഇന്ത്യ നൽകിയ സംഭാവനകളാണ്."*

എ) സൽത്തനത്ത് കാലത്ത് ഇന്ത്യ ആർജിച്ച വിജ്ഞാന പുരോഗതിയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം - 8

**സൽത്തനത്ത് കാലഘട്ടത്തിലും മുഗൾഭരണകാലത്തും ഇന്ത്യ സന്ദർശിച്ച വിദേശികൾ അക്കാലത്തെ പ്രധാന വാണിജ്യകേന്ദ്രങ്ങളെപ്പറ്റി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.**

എ) താഴെ കൊടുത്തിരിക്കുന്ന വാണിജ്യകേന്ദ്രങ്ങൾ തന്നിട്ടുള്ള രൂപരേഖയിൽ രേഖപ്പെടുത്തുക.
(കൊച്ചി, സൂററ്റ്, ഹംപി, തഞ്ചാവൂർ, മഹാബലിപുരം)




(അടയാളപ്പെടുത്തിയ രൂപരേഖ ഉത്തരപേപ്പറിനോടൊപ്പം ചേർത്തുവയ്ക്കുക)